കുരുമുളക് 5.5 ശതമാനം "

ഏലം 3.5 ശതമാനം "

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

കാർഷികാദായ നികുതി

48 (441) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്തെ കാർഷികാദായ നികുതിയുടെ തോതെത്രയാണ് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷികാദായ നികുതിയുടെ തോതെത്രയായിരുന്നു ;

(സി) ഇപ്പോൾ കാർഷികാദായ നികുതിയായി ലഭിക്കുന്ന തുകയെത്രയാണ് ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷികാദായ നികുതി പിരിവെത്രയായിരുന്നു ?

ഉത്തരം

(എ)

1. കമ്പനികളും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പാർട്ട്നർഷിപ്പ് ഫേമുകളും ഒഴികെയുള്ള വ്യക്തികൾ താഴെ പറയും പ്രകാരം കാർഷികാദായ നികുതി നൽകേണ്ടതാണ്.

എ. മൊത്തം കാർഷികാദായം 40,000-ൽ കവിയാതെയുള്ളവർക്ക് നികുതിയില്ല.

ബി. കാർഷികാദായം 40,000-നു മുകളിൽ എന്നാൽ 50,000 ൽ കവിയാതെ - നാല്പതിനായിരത്തിന് മുകളിലുള്ള തുകയുടെ 20 ശതമാനം.

സി. കാർഷികാദായം 50,000-ന് മുകളിൽ അറുപതിനായിരത്തിൽ താഴെ - 2000 രൂപയും 50,000-ന് മുകളിലുള്ള തുകയുടെ 30 ശതമാനവും.

ഡി. കാർഷികാദായം 60,000-ന് മുകളിൽ ഒരു ലക്ഷത്തിൽ കവിയാതെ - 5,000 രൂപയും അറുപതിനായിരത്തിന് മുകളിലുള്ള തുകയുടെ 40 ശതമാനം.

ഇ. കാർഷികാദായം ഒരു ലക്ഷത്തിന് മുകളിൽ - 21,000 രൂപയും ഒരു ലക്ഷത്തിന് മുകളിലുള്ള തുകയുടെ 50 ശതമാനവും.

LIBRARY ARCHIVES Kerala Legislative Assembly

പാർട്ട്നർഷിപ്പ് ഫേമുകൾക്ക് മൊത്തം കാർഷികാദായത്തിന്റെ 40 ശതമാനം ആണ് കാർഷികാദായ നികുതി.

2. ഗാർഹിക കമ്പനികളും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും താഴെ പറയുന്ന നിരക്കുകളിൽ നികുതി നൽകണം.

എ. കാർഷികാദായം 25,000 ൽ കവിയാതെയുള്ളവർ - മൊത്തം കാർഷികാദായത്തന്റെ 45 ശതമാനം

ബി. കാർഷികാദായം 25,000-നു മുകളിൽ - മൊത്തം കാർഷിക ആദായത്തിന്റെ 50 ശതമാനം

സി. കാർഷികാദായം 1,00,000-നു മുകളിൽ എന്നാൽ 3 ലക്ഷത്തിൽ കവിയാതെ - മൊത്തം കാർഷികാദായത്തിന്റെ 55 ശതമാനം

ഡി. കാർഷികാദായം 3 ലക്ഷത്തിന് മുകളിൽ - ആകെ കാർഷിക ആദായത്തന്റെ 60 ശതമാനം.

3. വിദേശ കമ്പനികൾക്ക് കാർഷികാദായത്തിന്റെ 85 ശതമാനം ആണ് നികുതി.

അഞ്ചു ഹെക്ടർ വരെ ഭൂമിയുള്ള കമ്പനിയും പാർ ട്ട്നർഷിപ്പ് ഫേമും ഒഴിച്ചുള്ള വ്യക്തികളെ കാർഷികാദായ നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. കാർഷികാദായ നികുതി നിയമം 13-ാം വകുപ്പുപ്രകാരം 500 ഹെക്ടർ വരെ കൃഷിഭൂമിയുള്ള എല്ലാ നികുതിദായകർക്കും നികുതി കോംപൗണ്ട് ചെയ്യാവുന്നതാണ്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കമ്പനികളും സഹകരണ സംഘങ്ങളും ഒഴികെയുള്ളവർക്ക് മുകളിൽ പറഞ്ഞ തോതിൽ തന്നെയായിരുന്നു കാർഷികാദായനികുതിയുടെ തോത് (കോമ്പൗണ്ടിംഗ് ഒഴിച്ചുള്ളവ). എന്നാൽ 3 ഹെക്ടറിന് മുകളിലുള്ള കർഷകർ കാർഷികാദായ നികുതി നൽകണമായിരുന്നു. ഇത് അഞ്ച് ഹെക്ടറിന് മുകളിലുള്ളവർക്കായി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്.

കൂടാതെ കാർഷികാദായ നികുതി നിയമം 1991-ലെ സെക്ഷൻ 13 പ്രകാരം കർഷകർക്ക് കോമ്പൗണ്ടിംഗ് നിരക്കിൽ നികുതി അടയ്ക്കാൻ സൗകര്യമുണ്ടായിരുന്നു. പ്രസ്തുത കോമ്പൗണ്ടിംഗ് നിരക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 20 ഹെക്ടർ വരെയുള്ള കർഷകർക്കേ അനുവദിച്ചിരുന്നുള്ളൂ. (കമ്പനികൾക്കും, സഹകരണ സംഘങ്ങൾക്കും ഈ ആനുകൂല്യം ലഭിച്ചിരുന്നില്ല.) എന്നാൽ കേരള ഫിനാൻസ് ആക്ട് 1999 പ്രകാരം കോമ്പൗണ്ടിംഗിനുള്ള പരിധി 500 ഹെക്ടർ വരെയുള്ള കർഷകർക്കും കൂടി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കോമ്പൗണ്ടിംഗ് നിരക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടുപ്രാവശ്യം കുറച്ചിട്ടുണ്ട്. അത് താഴെ പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ളത്	ആദ്യത്തെ 5 ഹെക്ടർ	1995-ൽ നിലവിലുള്ള ഫൈനാൻസ് ആക്ട്			1998 ഫൈനാൻസ് ആക്ട് പ്രകാരം വരുത്തിയ കുറവ്			
		5 ഹെക്ടറിന് മുകളിൽ 10 ഹെക്ടർ വരെ	10-നു മുകളിൽ 15 വരെ	15-ന് മുകളിൽ 20 വരെ	ആദ്യത്തെ 5 ഹെക്ടറിന്	5 മുതൽ 10 വരെ	10-നും 15 നും ഇടയിൽ ഹെക്ടറിന്	15 ന് മുകളിൽ 20 ഹെക്ടർ വരെ
കശുവണ്ടി, തേയില, ക്ളോവ്	350	500	900	1500				
ഏലം 'സി' സോൺ	450	650	1150	1900				
കാപ്പി	700	1000	1800	3000				
തേങ്ങ, കൊക്കോ	600	1100	1800	2700				
റബ്ബർ	750	1400	2250	3400	600	1100	1800	2700
ഏലം'സി' സോൺ	750	1400	2650	3750	600	1100	2100	3000
ഏലം 'എ' സോൺ	1000	1650	3500	4650	800	1300	2800	3700
അടയ്ക്ക	800	1300	2800	3700				

LIBRARY ARCHIVES Kerala Legislative Assembly

		ഇപ്പോൾ നിലവിലുള്ള കോമ്പൗണ്ടിംഗ് നിരക്ക്			
ഏലം 'സി' സോൾ കശുവണ്ടി, ക്ലോവ് ബിംഗ്കോണം തുടങ്ങിയവ	ആദ്യ 5 ഹെക്ടർ	അടുത്ത 3 ഹെക്ടറിന്	8ഹെക്ടറിന് 13ഹെക്ടറിന്	13 ഹെക്ടറിന് മുകളിൽ 18 ഹെക്ടർ വരെ	18 ഹെക്ടർ മുകളിൽ 500 ഹെക്ടർ വരെ
	ഇല്ല	300	450	800	1400
കുരുമുളക്	"	400	600	1000	1750
തെങ്ങ്, റബ്ബർ, കൊക്കോ	"	500	1000	1700	2500
ഏലം'ബി' സോൺ	"	550	1000	2000	2800
ഏലം 'എ' സോൺ	"	750	1200	2700	3500
അടയ്ക്ക	"	750	1200	2700	3500
തേയില	"	350	500	900	1500
കാപ്പി	"	700	1000	1800	3000

(സി) 1999-2000 ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 14.18 കോടി രൂപ. 2000-2001 ലെ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല.

(ഡി) 1995-96 ധനകാര്യ വർഷത്തിൽ 26.08 കോടി രൂപ.

ട്രഷറി നിയന്ത്രണമില്ലാത്ത ദിവസങ്ങൾ

49 (445) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ, ഡിസംബർ, 2001 ജനുവരി എന്നീ മാസങ്ങളിൽ ട്രഷറി നിയന്ത്രണമില്ലാത്ത എത്ര ദിവസങ്ങളുണ്ടായിരുന്നു ;

(ബി) ഈ കാലയളവിൽ എത്ര പെൻഷൻകാർക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കൊടുക്കാതിരുന്നിട്ടുണ്ട് ;

(സി) ഈ ആനുകൂല്യങ്ങൾ എന്ത് തുകയ്ക്ക് വരുമെന്ന് പറയാമോ ;

(ഡി) ഈ കാലയളവിൽ മറ്റെന്തെല്ലാം ട്രഷറി ഇടപാടുകൾ നിർത്തി വച്ചു ;

(ഇ) പെൻഷൻകാർക്ക് ലഭിക്കേണ്ടിയിരുന്നതും ഇക്കാലത്ത് കൊടുക്കാതിരുന്നതുമായ ആനുകൂല്യങ്ങൾ എന്ന് കൊടുത്ത് തീർക്കും എന്ന് പറയുമോ ?

ഉത്തരം

(എ) 1990 മുതൽ ഏർപ്പെടുത്തിയ ട്രഷറി ഇടപാടുകളിലെ നിയന്ത്രണങ്ങൾ ഇപ്പോഴും തുടർന്ന് വരികയാണ്. ഇതനുസരിച്ച് എല്ലാ ദിവസങ്ങളിലും ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിട്ടില്ല.

(സി) മൂൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ 'ബാധകമല്ല'.

(ഡി) ട്രഷറി ഇടപാടുകളൊന്നും നിർത്തി വച്ചിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

ട്രഷറി ഡെപ്പോസിറ്റ്

50 (446) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ ട്രഷറി ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly